പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5363

01.07.2014 ൽ
മറുപടിയ്ക്ക്.

## ഖാദി ഉല് പാദനവും ഉല് പാദനക്ഷമതയും

ചോദ്യം
ശ്രീ. സി.കൃഷ്ണൻ

ഉത്തരം
ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഖാദി വ്യവസായവുമായി ബന്ധപ്പെട്ട് എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് സ്ഥാപനം അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(എ) 11,193 പേർ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 2012-13, 2013-14 വർഷങ്ങളിലെ സംസ്ഥാനത്തെ ഖാദി ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും കണക്ക് വ്യക്തമാക്കുമോ;

(ബി) 2012-13, 2013-14 വർഷങ്ങളിലെ ഖാദി ബോർഡിന്റെയും ഖാദി ബോർഡിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും ഖാദി ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും കണക്ക് താഴെക്കൊടുക്കുന്നു.
(തുക ലക്ഷത്തിൽ)

| 2012-13 | | 2013-14 | |
|---|---|---|---|
| ഉല്പാദനം | വിപണനം | ഉല്പാദനം | വിപണനം |
| 1743.28 | 3821.52 | 2007.16 | 4547.05 |

(സി) ഖാദി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി) ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനികവൽക്കരണത്തിനും ഖാദിമേഖലയുടെ നവീകരണത്തിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനായും കേരള സർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിയ്ക്കുകയും ടി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 2012-13 വർഷം 96 ലക്ഷം

രൂപയും 2013-14 വർഷം പ്രത്യേകമായി 1209 ലക്ഷം രൂപയും 2013-14 വർഷത്തിലെ ബഡ്ജറ്റിൽ നിന്ന് 216 ലക്ഷം രൂപയും ചേർത്ത് ആകെ 1521 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഖാദി സ്ഥാപന ങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക വിനിയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്. 2013-14 വർഷം ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 18 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന ഇൻസെന്റീവ് നൽകിവരുന്നു.ഖാദി കമ്മിഷന്റെ പദ്ധതിയനുസരിച്ചുള്ള ആനു കൂല്യങ്ങളും (ഇൻഷ്വറൻസ് ഉൾപ്പെടെ )നൽകി വരുന്നുണ്ട്. കൂടാതെ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഖാദി തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

ഏറ്റുകുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനു വേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പുസമയത്ത് തന്നെ മൊത്തമായി ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഖാദിമേഖലയുടെ വൈവിദ്ധ്യ വൽക്കരണ ത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷക മാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനീക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളി കൾക്ക് ഫാഷൻ ഡിസൈ നിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ് ഷീറ്റുകൾ തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്ക വിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്.ഖാദി മേഖലയിൽ നെയ്ത്ത് മേഖല ശക്തിപ്പെടുത്തു

ന്നതിന്റെ ഭാഗമായി "റെയിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്തുങ്ങളുടെഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings / sliver വിതരണം ചെയ്യുന്നുണ്ട്.

പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഒരു ഖാദി ക്ലസ്റ്ററും 2013-14 വർഷത്തേക്ക് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്ററും സ്ഥാപിച്ചിട്ടുണ്ട്.

ചർക്കയിൽ ആധുനീക വൽക്കരണം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി IIT ഗോരഖ്പൂർ നടത്തിയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ചർക്കകൾ കാലുകൾ കൊണ്ടുകൂടി പ്രവർത്തിപ്പിക്കുന്ന തരത്തിൽ മാറ്റം വരുത്തുന്നതിനായി പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

Gnaden

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്